9 (1050) കേന്ദ്ര നികുതി വിഹിതത്തിലെ കുറവ് പരിഹരിക്കാൻ നടപടി

ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദു റബ്ബ് :
ശ്രീ സി. മൊയീൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നികുതി വിഹിതം വെട്ടികുറക്കാനുള്ള കേന്ദ്ര ഗവൺമെന്റിന്റെ നീക്കംമൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വർഷം എന്തുതുക കുറവുണ്ടാകും എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പത്താം ധനകാര്യ കമ്മീഷന്റെ ശുപാർശ അനുസരിച്ച് എന്തുതുകയാണ് കേരളത്തിന് ഈ വർഷം പദ്ധതി വിഹിതമായി ലഭിക്കേണ്ടിയിരുന്നത്;

(സി) കേന്ദ്രനയംമൂലം ആസൂത്രണത്തിൽ കുറവ് വരുന്ന തുക കണ്ടെത്താൻ സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) ഇല്ലെങ്കിൽ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃത്യമായി കണക്കാക്കിയിട്ടില്ല.

(ബി) പദ്ധതി വിഹിതത്തിൽ പത്താം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം തുകയൊന്നും ലഭിക്കുന്നില്ല.

(സി)&(ഡി) ബാധകമല്ല.

10 (1051) റവന്യൂ വരുമാനം

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 മാർച്ച് 31 വരെ സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത എത്രയാണ്;

(ബി) 2000 മാർച്ച് 31 ന് സംസ്ഥാനത്തിന്റെ കടബാദ്ധ്യത എത്രയായിരുക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നടപ്പു സാമ്പത്തികവർഷം ഫെബ്രുവരി 15 വരെ റവന്യൂ വരുമാനം എത്രയായിരുന്നു;

(ഡി) 2000 മാർച്ച് 31 വരെ എത്രയായിരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) 1999 മാർച്ച് 31 വരെ കഴിഞ്ഞ സാമ്പത്തികവർഷം അവസാനിച്ചപ്പോൾ റവന്യൂ വരുമാനം എത്രയായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly